കാഴ്ചപ്പാട്

ഡോ. അബ്ദുസ്സലാം വാണിയമ്പലം

# പുനർ വിചിന്തനങ്ങൾക്ക് ആർജവം കാണിക്കുക

**ഇത്** പുനർവിചിന്തനങ്ങളുടെ കാലം. ഗത കാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും തിരുത്തേണ്ടവ തിരുത്താൻ ആർജവം കാണിക്കുകയും ചെയ്യുന്നവരുടെ എണ്ണം വർധിച്ചുവരികയാണ്. അക്കൂട്ടത്തിൽ വലിയ പ്രസ്ഥാനങ്ങൾ വരെയുണ്ട്. ഭൗതിക പ്രസ്ഥാനങ്ങൾ മാത്രമല്ല, ഇസ്‌ലാമിക പ്രസ്ഥാനങ്ങളും. ഇന്നലെകളിൽ ചെയ്തതു മുഴുവൻ വീരകൃത്യങ്ങളായിരുന്നുവെന്ന് ഇന്നവ അവകാശപ്പെടുന്നില്ല. ഇന്നു ചെയ്തുകൊണ്ടിരിക്കുന്നത്, ചെയ്യേണ്ടതുതന്നെയാണ് എന്ന് തീർത്തുപറയുന്നുമില്ല. എന്തിനെപ്പറ്റിയും പുനർവിചിന്തനങ്ങളാവാം എന്ന തുറന്ന മനസ്സാണുള്ളത്.

പാരമ്പര്യങ്ങളെ മുറുകെപ്പിടിച്ച് നിർവൃതിയടയുകയല്ല, ലക്ഷ്യം നേടലാണ് പ്രധാനം എന്ന് അവ അടിവരയിടുന്നു.

"ഇല്ല, ഞങ്ങളുടെ പൂർവപിതാക്കൾ ആചരിച്ചുകണ്ട അതേ മാർഗമേ ഞങ്ങൾ പിന്തുടരൂ" (*അൽബഖറ* 170) എന്നു പറഞ്ഞവസാനിപ്പിക്കാൻ അവക്കു താൽപര്യമില്ല.

പുനർവിചിന്തനം കുറ്റകൃത്യമല്ല, സദ്കൃത്യമാണ്. അധോഗതിയല്ല, പുരോഗതിയാണ്. ചിന്തയുള്ളവർക്ക് പുനർവിചിന്തനങ്ങളുണ്ടാകും. പുനർവിചിന്തനങ്ങൾക്ക് ആർജവം കാണിക്കുന്നവർക്ക് പുരോഗതിയുണ്ടാവും.

ഇസ്‌ലാമിക പ്രവർത്തനം വിശ്വാസിയുടെ ചുമലിലുള്ള ഒരമാനത്താണ്. 'അമാനത്ത്' ഭംഗിയായി നിർവഹിക്കേണ്ട ബാധ്യത അവനുണ്ട്. അതിൽ സംഭവിക്കുന്ന വീഴ്ച വഞ്ചനയായി ഗണിക്കപ്പെടും.

"വിശ്വാസികളേ, അല്ലാഹുവിനെയും അവന്റെ ദൂതനെയും അറിഞ്ഞുകൊണ്ട് നിങ്ങൾ വഞ്ചിക്കരുത്. നിങ്ങളുടെ അമാനത്തുകളെയും വഞ്ചിക്കരുത്" (*അൽ അൻഫാൽ* 27).

ഇസ്‌ലാമിന്റെ പ്രകാശം ലോകത്ത് പ്രസരിപ്പിക്കുക എന്ന വലിയ ദൗത്യം ഏറ്റെടുക്കുന്നവരുടെ എണ്ണം ദിനംപ്രതി വർധിച്ചുവരുന്നുണ്ട്. എന്നാൽ, ഈ അനുകൂല സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി വലിയ തോതിൽ ഇസ്‌ലാമിന്റെ പ്രചാരം ഇന്നു സാധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിന്റെ കാരണം വെറും ബാഹ്യമാണോ, അതല്ല ആഭ്യന്തര ന്യൂനതകളും അതിന് നിമിത്തമാകുന്നുണ്ടോ? ഇസ്‌ലാമിക പ്രവർത്തനം ഭംഗിയായി നിർവഹിക്കുന്നതിൽ ഇസ്‌ലാമിക പ്രവർത്തകർക്ക് വീഴ്ച സംഭവിക്കുന്നുണ്ടോ? പ്രവർത്തകൻ, പ്രവാചകന്റെ പ്രാർഥന പോലെ, ഇന്നലെയെക്കാളും ഇന്നു മെച്ചപ്പെട്ടിട്ടുണ്ടോ? ഇന്നത്തെക്കാളും നാളെ മെച്ചപ്പെടാൻ യത്നിക്കുന്നുണ്ടോ?

പുരോഗതിയും വളർച്ചയുമുണ്ടാവുന്നത് ചോദ്യത്തിൽ നിന്നാണ്. ആത്മവിമർശനത്തിന് ആർജവമില്ലാത്തവന് നിന്നിടത്ത് നിന്ന് കുഴിയാനയെപ്പോലെ വട്ടത്തിൽ ചുറ്റാം, അല്ലെങ്കിൽ രണ്ടടി പിറകോട്ട് നീങ്ങാം.

സ്വന്തത്തെ വിമർശിക്കുന്ന മനസ്സിനെ ചൂണ്ടിയാണ് അല്ലാഹു സത്യം ചെയ്യുന്നതുപോലും. "അല്ല, സ്വന്തത്തെ കുറ്റവിചാരണ ചെയ്യുന്ന ആത്മാവിനെക്കൊണ്ടും സത്യം" (*അൽഖിയാമ* 2). സ്വയം വിമർശിക്കുന്നവനാണ് ബുദ്ധിമാൻ എന്ന് പ്രവാചക വചനം. വ്യക്തികൾക്ക് മാത്രമല്ല, സംഘങ്ങൾക്കും സംഘടനകൾക്കും ഇത് ബാധകമാണ്. സ്വയം വിമർശിക്കുന്ന മനസ്സ് (അന്നഫ്സുൽ ലവ്വാമ), ആ വിമർശനത്തിലൂടെയാണ് സമാധാനമുള്ള മനസ്സി(അന്നഫ്സുൽ മുത്മ ഇന്ന)ലേക്കുയരുന്നത്. സ്വയം വിമർശനത്തിലൂടെയാണ് അത് പുരോഗതി നേടുന്നതെന്നർഥം. വ്യക്തിക്ക് ആത്മവിമർശനംകൊണ്ട് പുരോഗതിയുണ്ടാവുമെങ്കിൽ സംഘടനക്കും അതുകൊണ്ട് പുരോഗതിയുണ്ടാവണമല്ലോ. എന്നിരിക്കെ, എന്തുകൊണ്ട്

**പുനർവിചിന്തനം കുറ്റകൃത്യമല്ല, സദ്കൃത്യമാണ്. അധോഗതിയല്ല, പുരോഗതിയാണ്. ചിന്തയുള്ളവർക്ക് പുനർവിചിന്തനങ്ങളുണ്ടാകും. പുനർവിചിന്തനങ്ങൾക്ക് ആർജവം കാണിക്കുന്നവർക്ക് പുരോഗതിയുണ്ടാവും.**

തുടർന്നുവരുന്ന ഇസ്‌ലാമിക പ്രവർത്തന രീതികളെ വിലയിരുത്തിക്കൂടാ? വിമർശനാത്മക വിലയിരുത്തലുകളാണ് ആരോഗ്യകരമായ തിരുത്തലുകളിലേക്ക് നയിക്കുന്നത്. മാറാൻ തയാറില്ലാത്തവർക്ക് മാറ്റങ്ങളുണ്ടാക്കാൻ കഴിയില്ല. "സ്വയം മാറാൻ സന്നദ്ധതയില്ലാത്തവരെ അല്ലാഹു മാറ്റുകയുമില്ല" (*അർറഅ്ദ്* 11).

### പുതിയ ലോകം, പുതിയ സ്ട്രാറ്റജി

അഞ്ചാറു പതിറ്റാണ്ടു മുമ്പുള്ള ചിന്തകളുമായി, മറ്റാർക്കുമെന്നപോലെ ഇസ്‌ലാമിസ്റ്റുകൾക്കും ഇന്നു മുന്നോട്ടുപോവാനാവില്ല. അഞ്ചാറു വർഷങ്ങൾക്കു മുമ്പുള്ള സമീപനങ്ങൾ പോലും ഇന്നു പ്രസക്തമല്ലാതായിട്ടുണ്ടാവും.

കാലത്തെ ഒരു വല്ലാത്ത യാഥാർഥ്യമായി പരിഗണിക്കുന്നുവെന്നത് ഇസ്‌ലാമിക പ്രവർത്തനത്തിന്റെ സവിശേഷതയാണ്. ഖുർആൻ പരിശോധിച്ചുനോക്കൂ. തൗഹീദ് എന്ന അടിസ്ഥാനത്തെ ഒഴിച്ചുനിർത്തിയാൽ, സ്വാലിഹ് നബി പറഞ്ഞതല്ല ഹൂദ് നബി പറഞ്ഞത്. ലൂത്വ് നബി പറഞ്ഞതല്ല ഇബ്‌റാഹീം നബി പറഞ്ഞത്. ഈസ ചെയ്തതല്ല മൂസ ചെയ്തത്. മുഹമ്മദ് നബി മക്കയിൽ ചെയ്തതല്ല മദീനയിൽ ചെയ്തത്.

എങ്കിൽ മഹാരഥന്മാർ തൊള്ളായിരത്തി ഇരുപതുകളിലും മുപ്പതുകളിലും രൂപപ്പെടുത്തിയ ആശയ-നയ-സമീപനങ്ങൾ എൺപതുവർഷം കഴിഞ്ഞ് 2009 ലെങ്ങനെ ഫിറ്റാകും? ഖുർആനിനും സുന്നത്തിനും മാത്രമേ ശാശ്വതികത്വമുള്ളൂ. പണ്ഡിത വചനങ്ങൾക്ക് അതില്ല, അപ്രമാദിത്വവുമില്ല. കാലാതിവർത്തിയുമല്ല അവ. അവർ ചിന്തിച്ചത് അവരുടെ കാലഘട്ടത്തിനുവേണ്ടിയായിരുന്നു, നമ്മുടെ കാലഘട്ടത്തിനുവേണ്ടിയായിരുന്നില്ല. അവർ ഇന്നുണ്ടായിരുന്നെങ്കിൽ അന്നു പറഞ്ഞതുപോലെയാകുമായിരുന്നില്ല പറയുക. അവരല്ല, അവർ മാറ്റാനായി പറഞ്ഞ അഭിപ്രായങ്ങളെ ശാശ്വത സത്യങ്ങളായി കൊണ്ടുനടക്കുന്നവരാണ് തെറ്റുകാർ. ജാബിറുബ്നു സൈദ് എന്ന മഹാ പണ്ഡിതൻ, താൻ പറയുന്നതൊക്കെ എഴുതിവെക്കുന്ന അനുയായിയെ കണ്ടപ്പോൾ പറഞ്ഞു: "ഇന്നാലില്ലാഹ്, ഞാൻ നാളെ മാറ്റിപ്പറയുന്ന അഭിപ്രായം നിങ്ങൾ എഴുതിവെക്കുകയോ?" എഴുതി വെക്കുന്നവനിൽനിന്നു കടലാസ് വാങ്ങി കീറിക്കളഞ്ഞു മഹാനായ സഈദുബ്നുൽ മുസയ്യബ്.

അതിനാൽ നമുക്കുവേണ്ടി നാം

**പുരോഗതിയും വളർച്ചയുമുണ്ടാവുന്നത് ചോദ്യത്തിൽ നിന്നാണ്. ആത്മവിമർശനത്തിന് ആർജവമില്ലാത്തവന് നിന്നിടത്ത് നിന്ന് കുഴിയാനയെപ്പോലെ വട്ടത്തിൽ ചുറ്റാം, അല്ലെങ്കിൽ രണ്ടടി പിറകോട്ട് നീങ്ങാം. സ്വന്തത്തെ വിമർശിക്കുന്ന മനസ്സിനെ ചൂണ്ടിയാണ് അല്ലാഹു സത്യം ചെയ്യുന്നതു പോലും.**

തന്നെ ചിന്തിക്കുക. അല്ലെങ്കിൽ നന്നെ ചുരുങ്ങിയത് പൂർവികരുടെ ചിന്തകളെ കാലാനുസൃതമായി നവീകരിക്കുകയെങ്കിലും ചെയ്യുക.

നവീകരണമാണ് തജ്ദീദ്. അല്ലാഹുവിന്റെ ബോധനമാണ് ഇസ്‌ലാം. എന്നിട്ടും അത് തജ്ദീദ് അനുവദിച്ചു. തജ്ദീദിലൂടെയാണ് ഇസ്‌ലാം കാലാതിവർത്തിത്വം നേടുന്നത്. കാലത്തിനൊപ്പം നടക്കാനാണ് അത് തജ്ദീദ് അനുവദിച്ചത്. പുതിയ കാലഘട്ടങ്ങളുടെ സമസ്യകൾക്കുത്തരം കണ്ടെത്താൻ ഇജ്തിഹാദും അനുവദിച്ചു. സാധാരണ ഗതിയിൽ തെറ്റിനു പ്രതിഫലമില്ല. എന്നാൽ ഇജ്തിഹാദ് തെറ്റിയാലും പ്രതിഫലമുണ്ട്, ഒരു പ്രതിഫലം (ശരിയായാൽ രണ്ടു പ്രതിഫലം). അതിനുള്ള സന്നദ്ധതയെ ആണ് ഇവിടെ സൽകർമമായി ഗണിച്ചത്. പണ്ടുള്ളവരുണ്ടാക്കിയ ചട്ടക്കൂടിൽനിന്ന് പുറത്തിറക്കി ഇജ്തിഹാദിലൂടെയും തജ്ദീദിലൂടെയും ഇസ്‌ലാമിനെ പുതിയ കാലത്തിനൊപ്പം നടത്താൻ പ്രാപ്തമാക്കേണ്ടത് ഇസ്‌ലാമിസ്റ്റുകളാണ്. പാരമ്പര്യവാദത്തെ കരുതിയിരിക്കുക. തറവാടിന്റെ മഹാത്മ്യം പറഞ്ഞ് അതിന്റെ ജീർണതയെ തൊടാനനുവദിക്കാത്തവർ ചാരുകസേരയിലിരുന്ന് സായൂജ്യമടയുമ്പോൾ രംഗത്തുവരേണ്ടതാണ് പരിഷ്കരണവാദം.

പുതിയ ലോകത്തേക്ക് പുതിയ സ്ട്രാറ്റജി രൂപീകരിക്കുക. തഖ്‌ലീദ് (അനുകരണം) ഒഴിവാക്കി തജ്ദീദിനെയും ഇജ്തിഹാദിനെയും ഉയർത്തിപ്പിടിക്കുക. ഫിഖ്ഹിൽ തഖ്‌ലീദിനെ എതിർക്കുന്നവർക്ക് ഇസ്‌ലാമിക പ്രവർത്തന മേഖലയിൽ അതനുവദിക്കാനാവില്ല.

### ഇന്റലക്ച്വൽ ആക്റ്റിവിസം

മസ്തിഷ്കത്തിന്റെ പ്രാധാന്യം കുറയുകയും അവയവങ്ങളുടെ പ്രാധാന്യം വർധിക്കുകയും ചെയ്തതാണ് പുതിയ കാലഘട്ടത്തിലെ ഇസ്‌ലാമിക പ്രവർത്തനം നേരിടുന്ന ഒരു പ്രശ്നം. മസ്തിഷ്കം മാറ്റിവെക്കുകയും അറുപതുകളിലെയും എഴുപതുകളിലെയും ചട്ടക്കൂടുകളിൽ അത് നെട്ടോട്ടം നടത്തുകയും ചെയ്യുന്നു.

മനുഷ്യൻ എന്ന ഏറ്റവും അമൂല്യമായ വിഭവം ഏറക്കുറെ പ്രവർത്തനരഹിതമായിക്കിടക്കുകയാണ് ഇന്ന് ഇസ്‌ലാമിക പ്രവർത്തനമേഖലയിൽ. അവരുടെ ശാരീരികാധ്വാനം ഉപയോഗപ്പെടുത്തപ്പെടുന്നതുപോലെ ബൗദ്ധികശേഷി ഉപയോഗപ്പെടുത്തപ്പെടുന്നില്ല. ഫീൽഡ് ആക്ടിവിസത്തിലുള്ള താൽപര്യം ഇന്റലക്ച്വൽ ആക്റ്റിവിസത്തിൽ അവർക്കില്ല. ആൾക്കൂട്ടങ്ങളല്ല, ദാർശനികരാണ് വിപ്ലവങ്ങൾ സൃഷ്ടിക്കുന്നത് എന്നത് വിസ്മരിക്കപ്പെടുന്നു.

ചിന്ത മുഴുവൻ നേതാക്കളെ ഏൽപിക്കുന്ന അനുയായികളും അനുയായികൾക്കുവേണ്ടി തങ്ങൾ ചിന്തിച്ചുകൊള്ളാമെന്നേൽക്കുന്ന നേതാക്കളും ചേർന്നതാണ് ഒരു പ്രസ്ഥാനമെങ്കിൽ ആ പ്രസ്ഥാനം ജഡമായിത്തീരും. നിങ്ങൾക്കുവേണ്ടി ഞാൻ ചിന്തിച്ചുകൊള്ളാം എന്ന് പറയുന്നത് ഫറോവനിസമാണ്. "ഫറോവ പറഞ്ഞു: എനിക്ക് ഉചിതമെന്നു തോന്നിയ അഭിപ്രായമാണ് ഞാൻ നിങ്ങളോട് പറയുന്നത്. നേർവഴിക്കു തന്നെയാണ് ഞാൻ നിങ്ങളെ നയിക്കുന്നതും" (*അൽഗാഫിർ* 29).

ഓരോ പ്രവർത്തകനും പ്രവർത്തനത്തിന്റെ സ്ട്രാറ്റജിയെപ്പറ്റി ചിന്തിക്കണം. പ്രവാചകനു വഹ്‌യുണ്ടായിരുന്നിട്ടു പോലും അനുയായികളെ അദ്ദേഹം ചിന്തിക്കാൻ പ്രേരിപ്പിച്ചു. സ്ട്രാറ്റജി നിർണയത്തിൽ പങ്കെടുപ്പിച്ചു. ബദ്‌റിൽ സൈന്യം തമ്പടിച്ച സ്ഥലം നിർണയിച്ചപ്പോൾ പ്രവാചകനെ ഖബ്ബാബുബ്നുൽ മുൻദിർ തിരുത്തി. ഖന്ദഖ് യുദ്ധത്തിൽ കിടങ്ങ് കുഴിച്ച് പ്രതിരോധിക്കുക എന്ന ആശയം അവതരിപ്പിച്ചത് സൽമാനുൽ ഫാരിസിയായിരുന്നു. അറബികൾക്ക് പരിചിതമല്ലാത്ത തീർത്തും നൂതനമായ ആശയമായിരുന്നു സൽമാന്റേത്. അനുയായികൾ സ്വയം ചിന്തിച്ച് നൂതന രീതികൾ (Innovation) ആവിഷ്കരിക്കുന്നതിന്റെ തെളിവാണിത്. കൽപനക്ക് കാത്തിരിക്കുന്നതിനുപകരം ഓരോരുത്തരും കരുനീക്കങ്ങൾ ആസൂത്രണം ചെയ്തപ്പോഴാണ് ഇസ്‌ലാമിക വിപ്ലവ

ത്തെ ശത്രുക്കൾക്ക് അതിജയിക്കാനാകാതെ പോയത്.

### ന്യായപൂർത്തീകരണമല്ല

ഇസ്‌ലാമിക പ്രവർത്തനം ന്യായപൂർത്തീകരണം (ഇത്മാമുൽ ഹുജ്ജ) അല്ല. ഫലമെന്തായാലും താൻ അധ്വാനിക്കുകയും ത്യാഗമനുഷ്ഠിക്കുകയും ചെയ്തുവെന്ന സായൂജ്യമല്ല പ്രധാനം. ഇസ്‌ലാം വിജയിച്ചില്ലെങ്കിലും താൻ വിജയിച്ചുവെന്ന് സംതൃപ്തിയടഞ്ഞതുകൊണ്ടായില്ല. വ്യക്തിപരമായി പരലോകത്ത് സ്വർഗമാണ് ലക്ഷ്യം എന്നത് ശരി. ഓരോരുത്തരും പരലോകത്ത് വിജയിച്ചാൽ മാത്രം പോര. ഇഹലോകത്ത് അവരുടെ ഇസ്‌ലാമും വിജയിക്കണം. വ്യക്തികൾക്ക് പാരത്രിക വിജയം, ഇസ്‌ലാമിന് ഐഹിക വിജയം. അതിനാൽ ഈ ലോകത്ത് ആദർശത്തിന്റെ വിജയവും ലക്ഷ്യമായേ പറ്റൂ. തന്റെ ജീവിതകാലത്തു തന്നെ അത് നേടിയെടുക്കണം എന്ന ലക്ഷ്യത്തോടെയാവണം പ്രവർത്തനം. അതിനനുസൃതമായി വേണം സ്ട്രാറ്റജി നിർണയിക്കാൻ. പിന്നീടേ 'തവക്കുൽ' ചെയ്യാവൂ. അതാണ് പ്രവാചകന്റെയും സ്വഹാബത്തിന്റെയും മാതൃക.

ഏറ്റവും കുറഞ്ഞ കാലംകൊണ്ട് ഏറ്റവും കൂടുതൽ റിസൾട്ടുണ്ടാക്കുന്ന പ്രവർത്തനങ്ങളാണ് ചെയ്യേണ്ടത്. നല്ല പ്രവർത്തനമല്ല, ഏറ്റവും നല്ല പ്രവർത്തനമാണ് അല്ലാഹു ആവശ്യപ്പെടുന്നത്. "ജനിമൃതികളുണ്ടാക്കിയവൻ-നിങ്ങളിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് പരീക്ഷിക്കാൻ. അവൻ അജയ്യനാകുന്നു. ഏറെ മാപ്പരുളുന്നവനുമാകുന്നു" (*അൽ മുൽക്* 2).

പ്രവർത്തനം ഏറ്റവും സൂക്ഷ്മമായും ഭംഗിയായും ചെയ്യുന്നതിനെയാണ് ഇഹ്സാൻ എന്ന് പറയുന്നത്. ഇസ്‌ലാമിനോടൊപ്പം തന്നെ ജിബ്‌രീൽ റസൂലിനെ പഠിപ്പിച്ച ആശയമാണ് ഇഹ്സാൻ. ഇഹ്സാനുണ്ടാകുമ്പോഴാണ് പ്രവർത്തനം ഏറ്റവും ഫലപ്രദമാകുന്നത്.

ലോകത്ത് 13.5 മില്യൻ മാത്രം ജനസംഖ്യയുള്ള ജൂതന്മാർ ശൂന്യതയിൽ നിന്ന് വെറും അമ്പത് വർഷംകൊണ്ട് എങ്ങനെയാണ് ഒരു രാഷ്ട്രമുണ്ടാക്കിയെടുത്തത്? ഇന്ന് ലോകത്തെ മുഴുവൻ സ്വാധീനിക്കുന്ന ശക്തിയായിത്തീർന്നത്? ലോകശക്തികളെ വിരൽത്തുമ്പിൽ നിർത്താൻ ത്രാണി നേടിയത്? കുതന്ത്രങ്ങളിലൂടെ എന്ന മറുപടി ലളിതവത്കരണമായിരിക്കും. യഥാർഥത്തിൽ ആ അത്ഭുതങ്ങളുടെ കാരണം സ്ട്രാറ്റജി നിർണയത്തിലെ മിടുക്കാണ്. ഇന്ന് 1200 മില്യൻ വരുന്ന മുസ്‌ലിം സമൂഹത്തിന് ആ സ്വാധീനത്തിന്റെ നൂറിലൊരംശമില്ല. എന്നാൽ ഇതേ ഇസ്‌ലാമിക സമൂഹം ഏഴാം നൂറ്റാണ്ട് മുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെ ലോകത്തെ സമർഥമായി നയിച്ചിട്ടുണ്ട്. അതിന്റെ കാരണവും സ്ട്രാറ്റജി തന്നെ.

**ചിന്ത മുഴുവൻ നേതാക്കളെ ഏൽപിക്കുന്ന അനുയായികളും അനുയായികൾക്കുവേണ്ടി തങ്ങൾ ചിന്തിച്ചുകൊള്ളാമെന്നേൽക്കുന്ന നേതാക്കളും ചേർന്നതാണ് ഒരു പ്രസ്ഥാനമെങ്കിൽ ആ പ്രസ്ഥാനം ജഡമായിത്തീരും. നിങ്ങൾക്കുവേണ്ടി ഞാൻ ചിന്തിച്ചുകൊള്ളാം എന്ന് പറയുന്നത് ഫറോവനിസമാണ്.**

### നേതൃയോഗ്യത

ഏതൊരു കൂട്ടായ്മയുടെയും ഗതി നിർണയിക്കുന്നതും ജയപരാജയങ്ങൾ തീരുമാനിക്കുന്നതും ആരാണ്? സംശയമില്ല, നേതൃത്വം. യോഗ്യതയുള്ള ഒരു നേതൃത്വത്തിന്റെ പിന്നിൽ അനുയായികൾ അണിനിരക്കുമ്പോഴാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്.

ഈ യാഥാർഥ്യം ഏറ്റവുമധികം തിരിച്ചറിഞ്ഞ നേതാവായിരുന്നു മുഹമ്മദ് നബി (സ). പ്രബോധനപ്രവർത്തനം ആരംഭിച്ച ആദ്യവർഷം തന്നെ അവിടുന്ന് ദാറുൽ അർഖമിൽ അനുയായികളെ പരിശീലിപ്പിച്ചു തുടങ്ങി. ദാറുൽ അർഖമിൽ റസൂൽ(സ) പരിശീലിപ്പിച്ചെടുത്ത മനുഷ്യവിഭവങ്ങളാണ് അവിടന്നങ്ങോട്ടുള്ള ഇസ്‌ലാമിക മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയത്. ഹിജ്‌റയിലും ബദ്റിലും ഉഹുദിലും മക്കാവിജയത്തിലും, പ്രവാചകന്റെ വിയോഗ ശേഷം ഖിലാഫത്തിലും അവർ മുൻനിരയിൽനിന്നു. ലക്ഷക്കണക്കിനു സ്വഹാബിമാരിൽ നിങ്ങൾക്ക് എത്രപേരുടെ പേരറിയാം? വളരെ കുറച്ചേ ചരിത്രത്തിൽ പേര് കുറിക്കപ്പെട്ടിട്ടുള്ളൂ. അവർ നിസ്തുലമായ നേതൃശേഷിയുള്ള നായകന്മാരായിരുന്നു. അവർ മുമ്പിൽനിന്നു നയിച്ചപ്പോൾ ജനക്കൂട്ടം ആത്മവിശ്വാസത്തോടെ പിന്നിൽ നിൽക്കാൻ തയാറായി. പൊതുജനം എപ്പോഴും അങ്ങനെയാണ്. മുന്നിൽ നിൽക്കുന്നവർ യോഗ്യരാണെന്നു കാണുമ്പോൾ ദിശനിർണയം പൊതുജനം അവരെ ഏൽപിക്കുകയാണ്. ആട്ടിടയന്മാരെ നേതാക്കളാക്കി മാറ്റിയെടുത്ത് അവരെ മുന്നിൽ നിർത്തി പ്രവാചകൻ നടത്തിയ വിപ്ലവം വിജയിച്ചത് അങ്ങനെയാണ്.

നേതൃത്വത്തിനുണ്ടാവേണ്ട ഏറ്റവും വലിയ യോഗ്യത വിഷൻ ആണ്. തന്റെ കീഴിലുള്ള ആൾക്കൂട്ടത്തെ എങ്ങോട്ട് നയിക്കണമെന്ന കൃത്യമായ കാഴ്ചപ്പാട്. സ്വയം ചലിക്കുന്നതല്ല, അനുയായികളെ ചലിപ്പിക്കുന്നതാണ് മിടുക്ക്. അനുയായികളുടെ കഴിവറിഞ്ഞ് അവരെ മർമസ്ഥാനങ്ങളിൽ വ്യന്യസിക്കുന്നതിനനുസരിച്ചായിരിക്കും സംഘടനയുടെ വിജയം. കേന്ദ്രീകരണമല്ല, വികേന്ദ്രീകരണമാണ് നേതാവ് നടത്തേണ്ടത്. അനുയായിയെ വിശ്വാസത്തിലെടുക്കുകയും ചുമതലകളേൽപിച്ച് സ്വാതന്ത്ര്യം കൊടുക്കുകയും വേണം.

### സംഘടനാ പക്ഷപാതിത്വം

ഇസ്‌ലാമിനുവേണ്ടി നിലകൊള്ളുന്ന കൂട്ടായ്മ നിലനിൽക്കേണ്ടത് ഇസ്‌ലാമിന്റെ തന്നെ താൽപര്യമാണ് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ആ വികാരം ഒരിക്കലും സംഘടനാ പക്ഷപാതിത്വമായി രൂപാന്തരപ്പെടരുത്. ഇസ്‌ലാമിനുവേണ്ടിയാണ് സംഘടനയെ സ്വീകരിച്ചിട്ടുള്ളത്, മറിച്ചല്ല. ഇസ്‌ലാമിന്റെ താൽപര്യവും സംഘടനയുടെ താൽപര്യവും എപ്പോഴെങ്കിലും ഇടഞ്ഞുപോയാൽ സത്യവിശ്വാസിക്ക് മുഖ്യം ഇസ്‌ലാമിന്റെ താൽപര്യം തന്നെയായിരിക്കും. കാരണം സംഘടന ലക്ഷ്യമല്ല. മാർഗം മാത്രമാണ്. ഇസ്‌ലാം എന്ന ലക്ഷ്യത്തെ നിർവഹിക്കാനുള്ള മാർഗം. അതൊരിക്കലും ഒരു വിഗ്രഹമായിക്കൂടാ. സംഘടനാചട്ടക്കൂടുകളെ സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ ഇസ്‌ലാമിന്റെ താൽപര്യങ്ങൾ ഹനിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തണം. സംഘടനാ ചട്ടക്കൂടുകളെ വിഗ്രഹങ്ങളായി കാണരുതെന്ന് ശൈഖ് യൂസുഫുൽ ഖറദാവിയെപ്പോലുള്ളവർ എപ്പോഴും ഇസ്‌ലാമിക പ്രവർത്തകരെ ഓർമിപ്പിക്കാറുണ്ട്.

ഇസ്‌ലാമിക പ്രസ്ഥാനം എന്നത് മുമ്പ് ഒരു പ്രത്യേക സംഘടനയെ സൂചിപ്പിക്കുന്നതിനുപയോഗിക്കുന്ന സംജ്ഞയായിരുന്നു. എന്നാൽ ഇസ്‌ലാമിക പ്രസ്ഥാനം ഇസ്‌ലാമിനെ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കുകയും അതിന്റെ വിജയത്തെ സ്വപ്നംകാണുകയും ചെയ്യുന്ന വലിയൊരുവിഭാഗം ജനങ്ങളുണ്ട് ഇന്ന് സമുദായത്തിൽ. അവർ കൂടി ഉൾപ്പെട്ട ജനസഞ്ചയത്തെയാണ് ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനം എന്ന് വിശേഷിപ്പിക്കുന്നത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ റിസൾട്ടാണവർ. എന്നാൽ പ്രസ്ഥാന ഘടനയിൽ വരാൻ അവർ ഉദ്ദേശിക്കുന്നില്ല. തങ്ങളെക്കുറിച്ചുള്ള അപകർഷമോ, പ്രസ്ഥാനത്തിന്റെ ചില സമീപനങ്ങളോടുള്ള വിയോജിപ്പോ ഒക്കെ ആവാം കാരണം. മറ്റു മുസ്‌ലിം ഗ്രൂപ്പുകളുടെയും നന്മകളെ അംഗീകരിക്കുന്ന മനസ്സായിരിക്കും അവരുടേത്. ഇത്തരമാളുകളുടെ എണ്ണം വർധിച്ചുവരികയാണ്. അവരാണ് ലോകത്ത് ഇന്ന് ഇസ്‌ലാമിന്റെ ശക്തി. അവരെ ഉൾക്കൊള്ളാനും സഹകരിപ്പിക്കാനും സാധിക്കുമ്പോഴാണ് ഇസ്‌ലാമിക പ്രസ്ഥാനം വിജയിക്കുന്നത്. സംഘടനാഘടനയിലില്ലാത്തത് അവരുടെ പോരായ്മയായി കാണരുത്. ശത്രുക്കളെപ്പോലും തങ്ങളുടെ ലക്ഷ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തേണ്ട ഇസ്‌ലാമിക പ്രവർത്തകർക്ക് ഈ വലിയ വിഭാഗത്തെ പ്രയോജനപ്പെടുത്താൻ സംഘടനാസംജ്ഞകൾ തടസ്സമാകരുത്. തങ്ങൾ ചെറിയൊരു ഗ്രൂപ്പ് വിചാരിച്ചാൽ വിജയിപ്പിക്കാനാവുന്ന ചെറിയ ദൗത്യമല്ല, മറിച്ച് മുസ്‌ലിം സമൂഹം മുഴുവൻ ഒന്നിച്ചുനിന്നാൽ പോലും വിജിയിപ്പിച്ചെടുക്കാൻ സാഹസപ്പെടേണ്ട മഹാദൗത്യമാണ് തങ്ങളുടേതെന്ന തിരിച്ചറിവ് വേണം അവർക്ക്. അതുകൊണ്ട് പ്രസ്ഥാനഘടനയിലില്ലാത്ത, ഇസ്‌ലാമിനെ സ്നേഹിക്കുന്ന മുഴുവൻ ജനങ്ങളെയും അവർ ഉൾക്കൊണ്ടേ പറ്റൂ. മാത്രമല്ല ഇതര മുസ്‌ലിം ഗ്രൂപ്പുകൾ ചെയ്യുന്ന നന്മകളെ, അവയുടെ ഗുണഭോക്താവ് ഇസ്‌ലാമാവുമ്പോൾ, തങ്ങളുടെ പ്രവർത്തനങ്ങൾക്ക് അനുരൂപകമായാണ് അവയെ കാണേണ്ടത്. ഇതര മുസ്‌ലിം ഗ്രൂപ്പുകളോടുള്ള നിലപാട് രൂപപ്പെടുത്തുമ്പോൾ ഈ യാഥാർഥ്യബോധം ഇസ്‌ലാമിക പ്രവർത്തകർക്കില്ലാതിരുന്നുകൂടാ.

ഇതുവരെ കുറിച്ചത് വലിയൊരു ചർച്ചയുടെ ലളിതമായ ആമുഖം മാത്രം. പുതിയ ലോകത്തെ പുതിയ സ്ട്രാറ്റജിക്കുവേണ്ടി നിർബന്ധമായും നടത്തേണ്ട വിചിന്തനങ്ങളും പുനർവിചിന്തനങ്ങളും ഇനിയങ്ങോട്ട് ഇസ്‌ലാമിക പ്രവർത്തകരുടെ സജീവ വിഷയമാകേണ്ടതായി വരും. ലോകത്ത് ഇസ്‌ലാമിസ്റ്റുകൾക്കിടയിൽ വലിയൊരു സംസാരവിഷയമായി അത് മാറിക്കഴിഞ്ഞിരിക്കുന്നു. തീർച്ചയായും ഇസ്‌ലാമിന്റെ ഭാവിയെ സംബന്ധിച്ചേടത്തോളം ശുഭലക്ഷണമാണത്. ■